**പതിനാലാം കേരള നിയമസഭ**

**ഒന്നാംസമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T2209

18/07/2016 ൽ മറുപടിയ്ക്ക്

## മലബാർ മേഖലയിലെ കർഷകർക്ക്പട്ടയം

ചോദ്യം

ശ്രീ.പി.വി. അൻവർ

മറുപടി

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

എ) 1977 ജനവരി ഒന്നിന് മുമ്പ് വനഭൂമി കൈവശം വെച്ചിട്ടുള്ള മലബാർ മേഖലയിലെ കർഷകർക്ക് പട്ടയം നൽകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(എ) 1993 ലെ ഭൂമി പതിവ് പ്രത്യേക ചട്ടം പ്രകാരം 01/01/1977 ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിച്ച് പട്ടയം നൽകുന്നതിന് കേന്ദ്ര വനം സംരക്ഷണ നിയമം 1980 ലെ വ്യവസ്ഥകൾ അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കേണ്ടതുണ്ട്. റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസലിൽ നിന്നും 5 ജില്ലകളിലായി (കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ) 28588 ഹെക്ടർ വനഭൂമി പതിവിന് വിധേയമാക്കാനുള്ള അനുമതി മാത്രമേ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളൂ. മലബാർ മേഖലയിലെ മറ്റു ജില്ലകളിൽ സംയുക്ത പരിശോധന കഴിഞ്ഞ ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ മാത്രമേ പതിവ് നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ.

(ബി) കേന്ദ്ര വനസംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 25/10/1980 വരെയുള്ള കുടിയേറ്റക്കാർക്ക് കൂടി പട്ടയം നൽകുന്നതിന് എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ ചട്ടം (1993 ലെ ഭൂമി പതിവ് പ്രത്യേക ചട്ടം) പ്രകാരം 01/01/1977 വരെയുള്ള വനഭൂമി കയ്യേറ്റം മാത്രമേ പതിവിന് യോഗ്യത നേടുന്നുള്ളൂ. 25/10/80 വരെയുള്ള കുടിയേറ്റക്കാർക്ക് പട്ടയം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**